കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കോഴിക്കോട് ജില്ല- ഒളവണ്ണ ഗ്രാമ പഞ്ചായത്തിലെ പട്ടിക ജാതി വനിതകൾക്കായുള്ള ഷോപ്പിംഗ് കോംപ്ലക്സിൽ മുറി വാടകയ്ക്കെടുത്ത ശ്രീമതി. പി.വി ലാലിക്ക് കെട്ടിടത്തിൽ വൈദ്യുതി ബന്ധം സ്ഥാപിച്ചതുവരെയുള്ള കാലയളവിലെ വാടക ഒഴിവാക്കി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ്**

സ.ഉ. (സാധാ) നം.1772/2017/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം.29/05/2017.

പരാമർശം: പഞ്ചായത്ത് ഡയറക്ടറുടെ 16.03.2017 ലെ C1/3349/17-ആം നമ്പർ കത്ത്.

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ ഒളവണ്ണ ഗ്രാമ പഞ്ചായത്തിലെ പട്ടിക ജാതി വനിതകൾക്കായുള്ള ഷോപ്പിംഗ് കോംപ്ലക്സിൽ മുറി വാടകയ്ക്കെടുത്ത ശ്രീമതി. പി. വി ലാലിക്ക് 2013 ജൂലൈ മുതൽ കെട്ടിടത്തിൽ വൈദ്യുതി ബന്ധം സ്ഥാപിച്ച 25.05.2015 വരെയുള്ള കാലയളവിൽ കെട്ടിടം നിർദിഷ്ട ആവശ്യത്തിന് ഉപയോഗിച്ചിട്ടില്ല എന്ന് കണ്ടെത്തിയതിനെത്തുടർന്ന്, അക്കാലയളവിലെ വാടക ഒഴിവാക്കി നൽകാൻ ഒളവണ്ണ പഞ്ചായത്ത് കമ്മിറ്റിയുടെ 26.08.2015-ൽ കൂടിയ ഭരണ സമിതി യോഗം തീരുമാനമെടുത്തിട്ടുള്ളതായി പരാമർശപ്രകാരം പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സർക്കാർ ഈ വിഷയം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 2013 ജൂലൈ മുതൽ കെട്ടിടത്തിൽ വൈദ്യുതി ബന്ധം സ്ഥാപിച്ച 25.05.2015 വരെയുള്ള കാലയളവിലെ വാടക, ശ്രീമതി. പി.വി. ലാലിക്ക് ഒഴിവാക്കി നൽകാൻ അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

പാപ്പച്ചൻ. എസ്

അണ്ടർ സെക്രട്ടറി

സെക്രട്ടറി,ഒളവണ്ണ പഞ്ചായത്ത് , കോഴിക്കോട് ജില്ല
പഞ്ചായത്ത് ഡയറക്ടർ ,തിരുവനന്തപുരം.
പ്രിൻസിപ്പൽ എ.ജി. (എൽ.ബി.എ), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ എ.ജി. (എ & ഇ), കേരള, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ